# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 6304 08.07.2014-ൽ മറുപടിയ്ക്ക്**

**സ്കൂൾ കോളേജ് വിദ്യാർത്ഥികൾക്ക് ആവശ്യമായ കൗൺസിലിംഗ്**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എം. പി. വിൻസെന്റ് | രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| എ) സ്കൂൾ കോളേജ് വിദ്യാർത്ഥികളെ മയക്കു മരുന്നു മാഫിയ വലയിലാക്കുന്നത് സംബന്ധിച്ച പ്രശ്നത്തിൽ സർക്കാർ തലത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാം ; | (എ) സ്കൂൾ - കോളേജ് വിദ്യാർത്ഥികളെ മയക്കു മരുന്നിന്റെ ദൂഷ്യ വശങ്ങളെക്കുറിച്ച് ബോധവാന്മാരാക്കുന്നതിനും ഇതിനെതിരെ ജാഗ്രത പുലർത്തുന്നതിനും വേണ്ടി ആഭ്യന്തര, വിദ്യാഭ്യാസ, ആരോഗ്യ വകുപ്പുകളുടെ സഹകരണത്തോടെ 'ക്ലീൻ ക്യാമ്പസ് സേഫ് ക്യാമ്പസ് ' എന്ന ഒരു പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ പ്രധാനമായ ഉദ്ദേശ്യം ലഹരി മുക്തമായ, ആരോഗ്യവും അച്ചടക്കവും ഉള്ള ഒരു ഭാവി തലമുറയാണ്. ഇതിന്റെ ഭാഗമായി ബോധവത്ക്കരണ പരിപാടികൾക്കു പുറമേ സ്കൂൾ കോളേജ് പരിസരങ്ങളിലെ കടകളിലും മറ്റും പോലീസ് റെയ്ഡുകൾ നടത്തി പുകയില, മയക്കു മരുന്ന് ഉല്പന്നങ്ങൾ പിടിച്ചെടുക്കുകയും നിയമാനുസൃത നടപടികൾ എടുക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ ജനമൈത്രി പോലീസ്, ജാഗ്രതാ സമിതികൾ പി. ടി. എ., എസ്. പി. സി., സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പ്, റസിഡൻസ് അസോസിയേഷൻ എന്നിവ മുഖാന്തിരം ബോധവത്ക്കരണ ക്ലാസുകൾ സംഘടിപ്പിച്ചു വരുന്നു. ഇത്തരം മയക്കു മരുന്ന് മാഫിയകളെ സ്കൂൾ പരിസരങ്ങളിൽ കണ്ടെത്തിയാൽ രഹസ്യമായി വിവരം അറിയിക്കാൻ സ്കൂൾ തലത്തിൽ എസ്. പി. സി., സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പ് (എസ് പി. ജി), സ്ക്കൗട്ട് ആൻഡ് ഗൈഡ്സ് എന്നിവർക്ക് നിർദ്ദേശങ്ങൾ നല്കിയിട്ടുണ്ട്. സ്കൂൾ പരിസരങ്ങൾ ബസ് സ്റ്റാൻഡുകൾ, ബസ് സ്റ്റോപ്പുകൾ, റെയിൽവേ സ്റ്റേഷൻ തുടങ്ങിയ സ്ഥലങ്ങളിൽ നാർക്കോട്ടിക് സെൽ/ഷാഡോ പോലീസ് വിഭാഗത്തിലെ പോലീസ് ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തി സ്പെഷ്യൽ ഡ്രൈവ് നടത്തിയും പോലീസ് സ്റ്റേഷനുകളിൽ സ്പെഷ്യൽ ടീമുകൾ രൂപീകരിച്ചും ഇത്തരം ഉല്പന്നങ്ങളുടെ വില്പനയ്ക്കെതിരെ നിയമ നടപടികൾ സ്വീകരിച്ചു വരുന്നു. പ്രത്യേക അന്വേഷണത്തിനായി മഫ്ടിയിലും അല്ലാതെയും പോലീസിനെ നിയോഗിച്ച് ഇത്തരം കുറ്റ കൃത്യങ്ങൾ ചെയ്യുന്നവരെ പിടികൂടാൻ നടപടി കൈക്കൊണ്ടിട്ടുണ്ട്. കൂടാതെ സ്കൂൾ പരിസരങ്ങൾ കേന്ദ്രീകരിച്ച് സ്പെഷ്യൽ ഡ്രൈവുകളും റെയ്ഡുകളും നടത്തി ലഹരി വസ്തുക്കളെയും വില്പന നടത്തുന്നവരെയും കണ്ടെത്തി കേസുകൾ എടുത്ത് നിയമ നടപടികൾ സ്വീകരിച്ചു വരുന്നു. |

| | |
|---|---|
| ബി) ഇത് സംബന്ധിച്ച റെയ്ഡുകൾ നടത്തുമോ ; | (ബി) സ്കൂൾ പരിസരങ്ങളിലെ കടകളിലും മറ്റും പോലീസ് റെയ്ഡുകളും മറ്റും നടത്തി പുകയില ഉല്പന്നങ്ങളും പാൻ മസാലകളും മറ്റ് മയക്ക മരുന്ന് ഉല്പന്നങ്ങളും പിടിച്ചെടുക്കുകയും നിയമാനുസൃതമായ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| സി) ക്ലാസ് സമയത്തും, മറ്റിടവേളകളിലും ചുറ്റിത്തിരിയുന്ന വിദ്യാർത്ഥികളെ കണ്ടെത്തി അവർക്ക് ആവശ്യമായ കൗൺസിലിംഗും ഗൈഡൻസും നൽകുവാൻ പോലീസിന്റെ നേതൃത്വത്തിൽ നടപടി സ്വീകരിക്കുമോ ? | (സി) കുട്ടികൾ ക്ലാസുകളിൽ ഹാജരാകാതെ ക്ലാസ് സമയത്തും മറ്റിടവേളകളിലും ചുറ്റിത്തിരിയുന്നത് തടയുക എന്നത് ക്ലീൻ ക്യാമ്പസ് സേഫ് ക്യാമ്പസ് എന്ന പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങളിൽ ഒന്നാണ്. ഇത്തരം കുട്ടികളെ നിരീക്ഷിക്കാൻ സ്കൂൾ പരിസരങ്ങൾ, ബസ് സ്റ്റാൻഡുകൾ, ബസ് സ്റ്റോപ്പുകൾ, റെയിൽവേ സ്റ്റേഷൻ തുടങ്ങിയ സ്ഥലങ്ങളിൽ നാർക്കോട്ടിക് സെൽ/ഷാഡോ പോലീസ് വിഭാഗത്തിലെ പോലീസ് ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ക്ലാസ് സമയത്ത് വിദ്യാലയത്തിനു പുറത്ത് കാണപ്പെടുന്ന കുട്ടികളെ കുറിച്ച് രഹസ്യ വിവരം അറിയിക്കാൻ സ്കൂൾ തലത്തിൽ എസ്. പി. സി., എസ്.പി.ജി, സ്കൗട്ട് ആൻഡ് ഗൈഡ്സ് എന്നിവർക്ക് നിർദ്ദേശങ്ങൾ നല്കിയിട്ടുണ്ട്. വിദ്യാർത്ഥികൾക്ക് ആവശ്യമായ കൗൺസിലിംഗും ഗൈഡൻസും നൽകുവാൻ സ്കൂൾ തല മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ